## തവിടു തിന്നുന്നവർ

വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷത്തിൽ (15,11-31) ഒരു തവിടു തീറ്റക്കാരനെപ്പറ്റി പ്രതിപാദിക്കുന്നു. ഒരു മകൻ വാശിപിടിച്ച് പിതൃസ്വത്ത് കൈക്കലാക്കി ധൂർത്തടിച്ചു. പണം തീർന്നപ്പോൾ കൂടെ കൂടിയവരെല്ലാം വന്നവഴിക്ക് കടന്നുകളഞ്ഞു. അവൻ പന്നിപ്പണിയിൽ ഏർപ്പെട്ടു. പന്നിക്ക് കൊടുക്കുന്ന തവിടെങ്കിലും തിന്ന് വയർ നിറയ്ക്കാൻ അവൻ ആഗ്രഹിച്ചു. പക്ഷേ ആരും അവനു കൊടുത്തില്ല. അയാൾ കുറേ കട്ടുതിന്നു കാണും. എന്നാൽ അതുകൊണ്ടും വയർ നിറഞ്ഞില്ല എന്നുസാരം.

പലപ്പോഴും നമ്മിൽ പലരും തവിടുതീറ്റിക്കാരാണ്. എന്നാൽ വയർ നിറയ്ക്കാൻ കഴിയുന്നില്ല. വേണ്ടത്ര പണവും ആരോഗ്യവും സ്വാധീനശക്തിയും ഉള്ളപ്പോൾ എല്ലാം സാധ്യമാണെന്ന് ചിലർ കരുതുന്നു. അവർ ദൈവത്തെ മറക്കുന്നു, ദൈവമക്കളെ അവഗണിക്കുന്നു. അവർ തവിടു തീറ്റക്കാരാണ്. എന്നാൽ അവരുടെ വയർ നിറയുന്നില്ല.

ഇത് കുടുംബത്തിൽ സംഭവിക്കാം. ആരോഗ്യമുള്ളപ്പോൾ, കൈയിൽ കാശുള്ളപ്പോൾ, കൂട്ടുകാരുള്ളപ്പോൾ, അപ്പനെ മറക്കുന്നവർ, അമ്മയെ മറക്കുന്നവർ, മക്കളെ മറക്കുന്നവർ, സഹോദരങ്ങളെ മറക്കുന്നവർ, ബന്ധുമിത്രാദികളെയും അയൽക്കാരെയും ദരിദ്രരെയും അഗതികളെയും മറക്കുന്നവർ അവസാനം തവിടു തിന്നേണ്ടിവരും. ഒപ്പം കൂടെയുള്ളവരും അതിന്റെ അനന്തരഫലം അനുഭവിക്കേണ്ടിവരും.

ജോലി ചെയ്തു കിട്ടുന്ന പണം മുഴുവൻ കൂട്ടുകാരുനൊത്ത് കള്ളുകുടിച്ച്, കഞ്ചാവു വലിച്ച് സർവതും നശിച്ചുകഴിയുമ്പോൾ ഭാര്യയും മക്കളും അയാൾക്കൊപ്പം തവിടു തിന്നേണ്ടിവരും. പഠനകാലത്ത് യുവതീയുവാക്കന്മാർ അതിർവരമ്പുകൾ ലംഘിച്ച് മദ്യപാനത്തിനും അഴിഞ്ഞാട്ടത്തിനും മുതിർന്നാൽ കുടുംബജീവിതത്തിലേക്ക് കടക്കുമ്പോൾ അവരും തവിടു തിന്നേണ്ടിവരും.

മദ്യവിൽപ്പനക്കാർ, മറ്റ് ലഹരിപദാർഥങ്ങൾ വിൽക്കുന്നവർ, കരിഞ്ചന്തക്കാർ, പൂർഴ്ത്തിവയ്പ്പുകാർ, മായം ചേർക്കുന്നവർ, ക്വൊട്ടേഷൻ സംഘക്കാർ, തട്ടിപ്പുകാർ, വഞ്ചകർ ആദിയായവരും കുറേ കഴിയുമ്പോൾ തങ്ങളുടെ തിന്മയുടെ ഫലമായി തവിടു തിന്നേണ്ടിവരും.

എല്ലാം കൈവിട്ടുപോകുന്ന ഒരുദിനം വരും. അപ്പോൾ അവന് സുബോധം ഉണ്ടായി. ഈ സുബോധം നേരത്തെ ഉണ്ടാകുന്നതല്ലേ നല്ലത്? പിടിച്ചുപറിച്ചും കൊല നടത്തിയും കുത്തിക്കവർന്നും എന്തിന് പന്നിയുടെ പക്കലേക്ക് പോയി തവിട് തിന്നാൽ ആഗ്രഹിക്കുന്നു? പണം ഉണ്ടായിരുന്നപ്പോൾ സ്നേഹിതർ ഉണ്ടായിരുന്നു. ആരോഗ്യമുള്ളപ്പോൾ എന്തിനും കഴിവുണ്ടെന്നുള്ള ദുഷ്ടചിന്തയാൽ എന്തിനും മുതിർന്നു. രണ്ടും നഷ്ടപ്പെട്ടപ്പോൾ ആരുമില്ലാതായി. ഒന്നിനും കൊള്ളാത്തവരായി. സകലരും ഉപേക്ഷിച്ച്, അവശനിലയിൽ എത്തുമ്പോൾ, ഒരുപക്ഷേ ഇതിന്റെ പരിണിതഫലം അനുഭവിച്ച ഭാര്യ അഥവാ ഭർത്താവ് മാത്രം കാണും; അല്ലെങ്കിൽ സഭ നടത്തുന്ന അഗതിമന്ദിരത്തിലെ അന്തേവാസികൾ കാണും. അതുമല്ലെങ്കിൽ തെരുവിന്റെ കോണിൽ ആരോരും ഇല്ലാതെ ഉറുമ്പരിച്ച് കിടക്കുകയാകാം. അവർ തവിടു തിന്നേണ്ടിവരും.

തവിടു തിന്നുന്നവർ ഇക്കാലത്ത് നിരവധിയാണ്. അനുദിനം അവരുടെ സംഖ്യ വർധിച്ചുവരുന്നു. മൂല്യത്തകർച്ചയാണ് ഇതിനുള്ള അടിസ്ഥാനകാരണം. മൂല്യത്തകർച്ചയ്ക്ക് വഴിതെളിച്ച് വളംവച്ചുകൊടുത്തത് നിരീശ്വരകമ്യൂണിസവും. അത് കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളെയും സ്വാധീനിച്ചിരിക്കയാണ്. തദ്ഫലമായി മൂല്യങ്ങൾ സംരക്ഷിക്കുന്നവരെന്ന് അറിയപ്പെട്ടവരും പണവും സ്വാധീനവും തേടുന്നു, കൈക്കൂലി കൊടുത്ത് കാര്യം സാധിക്കുന്നു.

ഇതിൽ നിന്ന് രക്ഷപെടാൻ താൽപ്പര്യമുണ്ടോ? രാഷ്ട്രീയക്കാർ തങ്ങളുടെ ചട്ടുകങ്ങളെ മൂല്യത്തകർച്ചയിൽ മുക്കിക്കളയുന്നു. രക്ഷപെടാൻ കഴിയാത്ത രീതിയിൽ അവരുടെ നടുവൊടിച്ചിടുന്നു. മദ്യത്തിലും മയക്കുമരുന്നിലും അവരെ തളച്ചിട്ട്, കൂലിത്തല്ലുകാരും വാടക ഗുണ്ടാകളുമായി അവരെ അധഃപതിപ്പിക്കുന്നു. അവസാനം, കരിമ്പിൻചണ്ടിപോലെ അവരെ വലിച്ചെറിഞ്ഞിട്ട്, മറ്റ് ഇരകളെ തേടുന്നു. പണം കൈയിൽ ഉള്ളിടത്തോലം കാലം ഇതു തുടരും. ഇതിനെതിരതെ ജനത്തിന് ബോധവൽക്കരണം ഉണ്ടാകണം. ജനം ഉയരണം. വിദ്യാഭ്യാസം മാത്രം ലഭിച്ച്, ക്ലാസ്സുകൾ കടന്ന് ഡിഗ്രി സ്വന്തമാക്കിയാൽ മാത്രം പോരാ. മാനുഷികമൂല്യങ്ങൾ പകർന്നു നൽകണം. അതിൽ അനേകർ പരാജയപ്പെടുന്നു.

അവൻ പിതാവിന്റെ പക്കലേക്ക് തിരിഞ്ഞു. പിതാവ് അവനെ ആലിംഗനം ചെയ്തു. തവിടുതീറ്റയിൽ നിന്ന് മുക്തി പ്രാപിക്കാൻ ഈയൊരു വഴിയേയുള്ളു. മൂല്യബോധം വളർത്തിയെടുക്കണം. മൂല്യബോധം പകർന്നു നൽകണം. മൂല്യങ്ങളിൽ അടിയുറച്ചു നിൽക്കണം. അതാണ് കർത്താവിന്റെ പരീക്ഷണങ്ങൾ പഠിപ്പിക്കുന്നത്. എപ്പോഴും തന്നെ ശ്രവിക്കുന്ന പിതാവിനെ മാത്രം ശ്രദ്ധിച്ചുകൊണ്ട് യേശു ലൗകിക പ്രലോഭനങ്ങളെ നിരാകരിച്ചു. കൈക്കൂലിക്കുള്ള പ്രലോഭനം, എങ്ങനെയും പണം സമ്പാദിക്കാനുള്ള പ്രലോഭനം, ധൂർത്തടിക്കാനുള്ള പ്രലോഭനം, അവഹിതകൂട്ടുകെട്ടിനും വേഴ്ചയ്ക്കുമുള്ള പ്രലോഭനം, ഒഴുക്കിനൊത്ത് ഒഴുകാനുള്ള പ്രലോഭനം, ബാഹ്യമോടിക്കും പ്രതാപത്തിനും അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള പ്രലോഭനം.-ഇങ്ങനെ പ്രലോഭനങ്ങളുടെ നീണ്ടപട്ടിക കാണാം. ഇവയൊക്കെ നിരാകരിച്ച യേശുവിന്റെ പിന്നാലെ പോകുന്നവർക്ക് വ്യത്യസ്ത പാതയാണുള്ളത്. എന്നെ അനുഗമി

ക്കാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.
നിശ്ചയമായും ഒരു മാറ്റം നമ്മുടെ സാമുഹ്യവ്യവസ്ഥിതിക്കുണ്ടാകും. പന്നിത്തവിടിൽ എത്താതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. പിതൃഭവനത്തിലെ സമ്പത്ത് ധൂർത്തടിക്കാതിരിക്കാം. സ്നേഹനിധിയായ പിതാവിൻ പക്കലേക്ക് തിരിയാം. അവിടുത്തെ പുത്രന്റെ കുരിശിന്റെ പാത തെരഞ്ഞെടുക്കാം. തന്റെ പരിശുദ്ധാത്മാവ് നിരന്തരം വെളിച്ചം കാട്ടി വഴിനടത്താൻ അനുവദിക്കാം.